പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 842

08.03.2012-ൽ
മറുപടിയ്ക്കു്

## ദേവസ്വം നിയമനങ്ങൾ

ചോദ്യം
**ശ്രീമതി പി. അയിഷാ പോറ്റി**

ഉത്തരം
ശ്രീ. വി.എസ്. ശിവകുമാർ,
ഗതാഗതവും ദേവസ്വവും
വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന നിയമത്തിന്റെ ചട്ടങ്ങൾ രൂപീകരിക്കാതിരിക്കുന്നതിന്റെ കാരണം എന്താണ്; | (എ) നിലവിലുള്ള നിയമമനുസരിച്ച് ദേവസ്വം നിയമനങ്ങൾ പി.എസ്.സി.ക്ക് വിടുന്ന നിയമത്തിൻെറ ചട്ടങ്ങൾ രൂപീകരിക്കുന്നത് ദേവസ്വം ബോർഡുകളാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിൻെറ കരട് റിക്രൂട്ടുമെൻറ് റൂൾസിന് പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട് എന്ന് ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡ് ചട്ടം രൂപീകരിച്ചിട്ടില്ല. |
| (ബി) ദേവസ്വം ബോർഡ് നിയമനങ്ങൾക്കായി പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;<br>(സി) ഉണ്ടെങ്കിൽ പ്രസ്തുത ബോർഡിന്റെ ഘടന വെളിപ്പെടുത്തുമോ;<br>(ഡി) ഏതെല്ലാം നിയമനങ്ങൾ നടത്തുന്നതിന് പ്രസ്തുത ബോർഡിന് അധികാരമുണ്ടാകും? | (ബി), (സി), & (ഡി) ഉണ്ട്. കേരളത്തിലെ ദേവസ്വങ്ങളിലെ നിയമനങ്ങൾക്കായി ഒരു റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കണമെന്ന ജസ്റ്റിസ് പരിപൂർണ്ണൻ കമ്മീഷൻെറ റിപ്പോർട്ടിലെ ശുപാർശ സർക്കാരും ബോർഡും അംഗീകരിക്കുകയും ആയത് ബഹു. ഹൈക്കോടതി വിധിന്യായത്തിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതിൻെറ അടിസ്ഥാനത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിലേക്കും ഗുരുവായൂർ, കൂടൽ മാണിക്യം ദേവസ്വങ്ങളിലേക്കുമുള്ള എല്ലാ തസ്തികകളിലേക്കും റിക്രൂട്ട്മെൻറ് നടത്തുന്നതിലേക്കായി ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിയോഗിച്ച മന്ത്രിസഭാ ഉപസമിതിയുടെ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ ദേവസ്വം നിയമനങ്ങൾക്കായി ഒരു ദേവസ്വം റിക്രൂട്ടുമെൻറ് ബോർഡ് രൂപീകരിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കരട് നിയമത്തിന് അന്തിമ രൂപം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ